# സമഗ്ര ശിക്ഷ, കേരളം

**1012**

## പാദവാർഷിക മൂല്യനിർണയം-2018-19

## അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് X

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**(4 x 1 = 4)**

1. കോരൻ ആ ചക്രവും മടിയിലിട്ട് അരിയന്വേഷിച്ച് ഊന്നി നടന്നു.
അയാളുടെ പ്രസംഗത്തിനിടയിൽ വിദ്യാഭ്യാസത്തിന്റെ പ്രധാന്യത്തെപ്പറ്റി ഊന്നിപ്പറയുകയുണ്ടായി.

അടിവരയിട്ട പദത്തിന്റെ അർഥവ്യത്യാസം കുറിക്കുക.

2. നന്മയുടെ അഭാവം വെളിപ്പെടുത്തുന്ന പ്രയോഗം ഏത്?
   - വിജനമായ് തെരുവീഥികൾ
   - ഒഴിവുകനത്തോരിരുളിടം
   - വിദ്യാലയമുറ്റമുണ്ടൊന്നിനി
   - ചുറ്റുമതിലിൻ പുറത്തുനിന്നമ്മ

3. ' അവന്റെ കൂടെ താമസിച്ചിരുന്നെങ്കിൽ വൃദ്ധൻ ഇങ്ങനെ ആയിപ്പോകുമായിരുന്നില്ല,' - ഈ വാക്യം വൃദ്ധന്റെ ഇപ്പോഴത്തെ ഏത് അവസ്ഥയെ സൂചിപ്പിക്കുന്നു?
   - അഹങ്കാരം
   - അഭിമാനം
   - ദയനീയത
   - വിദ്വേഷം

4. • " അപ്പോൾ നമ്മുടെ വേരുകളോ?"
" അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ"

(ഡി.വിനയചന്ദ്രൻ)

അടിവരയിട്ട പ്രയോഗത്തിന് ഏറ്റവും യോജിച്ചത്
   - ചിന്തയും പ്രവർത്തനവും
   - പാരമ്പര്യവും സംസ്കാരവും
   - ദേശവും കാലവും
   - സ്നേഹവും വിശ്വാസവും

5. 'അന്നത്തെസൂചിപ്രയോഗത്തിൻ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ് '

മകന്റെ മാനസികാവസ്ഥയെക്കുറിച്ച് ഈ വരികൾ നൽകുന്ന സൂചനകളിലൊന്ന് എഴുതുക.

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2എണ്ണത്തിന് ഉത്തരമെഴുതുക.**

**(2 x 2 = 4)**

6 ജീവിതത്തിൽ ദാരിദ്ര്യം അനുഭവിക്കുമ്പോഴും സ്നേഹത്തിന് ഒട്ടും ദാരിദ്ര്യം ഇല്ലാത്തവരാണ് 'പ്ലാവിലക്കഞ്ഞി 'എന്ന നോവൽഭാഗത്തെ കഥാപാത്രങ്ങൾ. ഉചിതമായ രണ്ടുസന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.

7. " ഇപ്പോഴും എടേക്കൂടെ പോണ ചിലർ വിവരമറിയാതെ ചോദിക്കും . മൂപ്പരെ ങ്ങോട്ടു പോയി? ഞാൻ പറയും പോയീന്ന്... പോയില്ലാന്ന് എനിക്കല്ലേ അറിയൂ"

പോയി, പോയില്ല - ഈ പദങ്ങൾ നൽകുന്ന അർഥസൂചനകൾ കണ്ടെത്തി എഴുതുക.

8. "എന്നാൽ ഏനും കുടിക്കത്തില്ല"
"ഏൻ ഇന്നലെ ഒരുമൊറം നെയ്തുവച്ചിരുന്നു
അതുകൊടുത്ത് മൂഴക്കരീം മേടിച്ചുകൊണ്ടുവന്ന്
അത് തെളപ്പിച്ച് ഞങ്ങ ഉച്ചക്ക് കുടിച്ചു"

ചിരുതയുടെ സ്വഭാവസവിശേഷതകളെക്കുറിച്ച് ലഭിക്കുന്ന 2 സൂചനകൾ എഴുതുക.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക.**

**(5 x 4 = 20)**

9. " നെന്റെ വീട്ടിലിരുന്നാൽ കൂമൻമൂളുന്ന ഒച്ച കേക്കോ നീയ്യ് "
" ഇല്ലച്ചമ്മേ ഒന്നും കേക്കില്ല.ടീവിന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ".

മാറുന്ന കേരളീയ സമൂഹത്തെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ഇവിടെ തെളിയുന്നത്. സ്വാഭിപ്രായക്കുറിപ്പ് തയാറാക്കുക.

10. " ഉറങ്ങിക്കോളൂ , അമ്മേ കാലത്ത് എഴുന്നേറ്റു പോകേണ്ടതല്ലേ?"
" ഇവിടെ അമ്മയെ തനിച്ചുനിർത്തിയിട്ട് ഞാൻ എങ്ങന്യാപോവ്വാ?"

**(ഓരോ വിളിയും കാത്ത്)**

"എങ്ങോട്ടുപോകുന്നുവെന്നു ചോദിച്ചില്ല, എന്തിനെന്നും"

**(അമ്മത്തൊട്ടിൽ)**

മകനോടൊപ്പമുള്ള അമ്മയുടെ രണ്ടു യാത്രാസന്ദർഭങ്ങളാണ് ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്. ഇരുസന്ദർഭങ്ങളിലും മക്കൾ അമ്മമാരോടു പുലർത്തുന്ന മനോഭാവം താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

11. " കിടപ്പിലായിരുന്നപ്പോൾ പോലും , വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു. കന്നിപ്പാടത്ത് വെയിലിന്റെ വേലിയേറ്റങ്ങളും കമുകിൻ തോട്ടങ്ങളിലൂടെ രാത്രികാലത്ത് പറന്നു പോകുന്ന വാവലുകളുടെ ചിറകടി യൊച്ചയും കിടന്നു കൊണ്ടു തന്നെ അച്ഛൻ അറിയുമായിരുന്നു.

- തന്റെ കുടുംബാംഗങ്ങളോടെന്നപോലെ - വീടും തൊടിയുമായും ആത്മബന്ധം പുലർത്തിയ കഥാപാത്രമാണ് ഈ കഥയിലുള്ളത്. വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.

12. " നെല്ലുകൂലി തരൂ തമ്പ്രാ..."

" നെല്ലില്ല പിശാശുക്കള് പോ...പോ.... "

അക്കാലത്തെ തൊഴിലാളി മുതലാളിബന്ധത്തിന്റെ എന്തെല്ലാം സൂചനകൾ ഈ സംഭാഷണത്തിലുണ്ട് ? പാഠഭാഗത്തുനിന്ന് ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി വിശകലനക്കുറിപ്പ് തയാറാക്കുക.

13. "അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു.
ആ കാഴ്ച കണ്ട് ചിരുത ആനന്ദിച്ചു."

- പ്ലാവിലക്കഞ്ഞി

"ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും"

- അമ്മത്തൊട്ടിൽ

മുകളിൽ കൊടുത്ത പാഠഭാഗങ്ങൾ പരിഗണിച്ച് കഥാപാത്രങ്ങളുടെ സ്വഭാവ സവിശേഷതകൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

14. " ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാന അധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചു കഴിയുന്നത്."
"എന്തായാലും അന്ന് നെല്ല് തന്നെ കൂലി കിട്ടിയേ മതിയാവൂ.അപ്പന് ഒരു നേരമെങ്കിലും നിറച്ചു ചോറു കൊടുക്കണം."

പിതാവിന്റെ സാന്നിധ്യം കോരനെ അവകാശങ്ങൾ ചോദിക്കാൻ കരുത്തനാക്കുന്നുണ്ടോ? സന്ദർഭങ്ങൾ വിലയിരുത്തി കുറിപ്പു തയാറാക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന്** ഉത്തരമെഴുതുക.

( 2 x 6 = 12)

15. ' നീരറ്റുവറ്റി വരണ്ട കൈച്ചുള്ളികൾ'
' കണ്ണുകൾ , മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ് '

(അമ്മത്തൊട്ടിൽ)

' നിറഞ്ഞ ആരോഗ്യവും ആനയുടെ കരുത്തുമുണ്ടായിരുന്നു
ഇന്ന് എഴുന്നേറ്റു നിൽക്കാൻ പോലും കരുത്തില്ല '

(പ്ലാവിലക്കഞ്ഞി)

ആയുസ്സും ആരോഗ്യവും കുടുംബത്തിനും സമൂഹത്തിനും വേണ്ടി ചെലവഴിച്ച രണ്ടു കഥാപാത്രങ്ങളാണിവർ. മക്കൾക്കു തുണയായിത്തീരുന്നത് ഇതുപോലു ള്ളവരുടെ ജീവിതമാണ് .-വിശകലനം ചെയ്ത് ലഘു ഉപന്യാസം തയാറാക്കുക.

16. ' അച്ഛന്റെ ശബ്ദവും സാന്നിധ്യവുമായിരുന്നു വീട്. ഇപ്പോൾ ഇതൊരു വീടല്ല' -

(മകൻ)

"ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല. ആട കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്"

(കണാരൻ)

"ഞാനെങ്ങന്യാ മോനെ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ"

(അമ്മ)

അച്ഛനെക്കുറിച്ചുള്ള വ്യത്യസ്തങ്ങളായ ചിത്രങ്ങളാണ് മൂവരും മനസ്സിൽ സൂക്ഷി ക്കുന്നത്. ഉചിതമായ പാഠസന്ദർഭങ്ങൾ കൂടി പരിഗണിച്ച് 'അച്ഛൻ' എന്ന കഥാപാ ത്രത്തിന്റെ പ്രാധാന്യം കണ്ടെത്തി നിരൂപണം തയാറാക്കുക.

17. കഥയ്ക്ക് അനുയോജ്യമായ ആസ്വാദനക്കുറിപ്പ് തയാറാക്കുക.

## ഇരുപത്തിരണ്ടാമത്തെ പൂച്ച

ഇത്രയേറെ പൂച്ചകളെ ഇങ്ങനെ തീറ്റകൊടുത്ത് പരിപാലിക്കുന്നതെന്തിനാണെന്ന് ഒച്ചവച്ച് അപ്പൂപ്പൻ മിക്കവാറും അരിശപ്പെടാറുള്ളതാണ്... തന്നെയല്ല പുരക്കകത്ത് കയറി ശല്യം ചെയ്യുന്ന പൂച്ചകൾക്ക് കയ്യിലെ വടികൊണ്ട് നല്ല അടികൊടുക്കുകയും ചെയ്യും. വീട്ടിലെ ഇരുപത്തിയൊന്ന് പൂച്ചകളിൽ എല്ലാം തന്നെ ആ അടിയുടെ ചൂട് എന്നെങ്കിലും അറിഞ്ഞിട്ടുള്ളതായിരിക്കും. "എന്തിനാ പെണ്ണേ ഇത്രേം എണ്ണത്തിനെ ഒന്നിച്ചിങ്ങനെ വളർത്തുന്നത്." അപ്പൂപ്പൻ അമ്മയോട് ചോദിക്കും. " വളർത്തുന്നതൊന്നുമല്ല വന്നു കേറുന്നതാ "എന്ന് അമ്മ മറുപടി പറയും. " അതെന്താ എല്ലാം കൂടി ഈ വീട്ടിൽ തന്നെ വന്നു കേറാൻ? വേറെ എത്ര വീടുകളുണ്ട് ചുറ്റോടുചുറ്റും" അപ്പൂപ്പൻ വാദിക്കും.

അവർ തമ്മിൽ ഇങ്ങനെ വഴക്കുനടക്കുമ്പോൾ ഞാനും അമ്മുവും സൂത്രത്തിൽ മാറിക്കളയും. ആ പൂച്ചക്കേസിൽ ഞങ്ങളാണ് യഥാർഥ പ്രതികളെന്നും അമ്മ ഞങ്ങൾക്കായ് വാദിക്കുന്ന വക്കീൽ മാത്രമാണെന്നും ഞങ്ങൾക്കറിയാം.

കുറച്ചുദിവസമായി അപ്പൂപ്പന് നല്ല സുഖമില്ലാതിരിപ്പാണ് .അങ്ങനെയിരിക്കുമ്പോൾ നെഞ്ചിനകത്തൊരു കൊളുത്തിപ്പിടുത്തമെന്നാണ് അപ്പൂപ്പന്റെ ആവലാതി. വച്ചോണ്ടിരുന്ന് വഷളാകാതെ അക്കരെച്ചെന്ന് ഡോക്ടറെ കാണാൻ അമ്മ ദിവസേന പറഞ്ഞു പറഞ്ഞു മടുത്തു.ഒടുവിൽ ഇന്നലെ അതൊരുവിധം സമ്മതിപ്പിച്ച് അപ്പൂപ്പനെ പറഞ്ഞുവിട്ടു, അമ്മ. സന്ധ്യമയക്കത്തിനു തിരിച്ചുവന്നപ്പോഴുണ്ട് അത്യതിശയം. അപ്പൂപ്പന്റെ കയ്യിലിരുന്ന് ഒരു പീക്കിരി പുച്ച കരയുന്നു. "അയ്യോ ! ഇതിനെ എവിടെന്നാ അപ്പൂപ്പാ"? എന്നു ചോദിച്ച് അമ്മു ഓടിച്ചെന്ന് അപ്പൂപ്പന്റെ കയ്യിൽ നിന്ന് അതിനെ മേടിച്ചു. മരുന്നുകുപ്പിയോടൊപ്പം നെഞ്ചോടു ചേർത്തു പിടിച്ചിരുന്ന പൂച്ചക്കുഞ്ഞിനെ വളരെ ശ്രദ്ധയോടെയാണ് അമ്മുവിനെ ഏൽപ്പിച്ചത്.

അന്തം വിട്ടുനിന്നുപോയ അമ്മയുടെ മുഖത്തേക്ക് ഒരു പരുങ്ങലോടെ നോക്കിയിട്ട് അപ്പൂപ്പൻ പറഞ്ഞു " ആരാണ്ട് കൊണ്ടക്കളഞ്ഞേച്ച് പോയതാ. ഞാനിങ്ങോട്ട് പോരുമ്പോ ആ കനാലിന്റെ അരികത്ത് കരഞ്ഞോണ്ട് കിടക്കുവാ...." കരച്ചിലു കേട്ടപ്പം വല്ലാത്ത സങ്കടം തോന്നി." അമ്മ ഒരു ചെറുചിരിയോടെ ഞങ്ങളുടെ മുഖത്തേക്ക് നോക്കിയതല്ലാതെ ഒന്നും മറുപടി പറയാൻ ഒരുക്കമില്ലാ എന്നു കണ്ടപ്പോൾ ഇത്രകൂടി പറഞ്ഞു "ഓ ഇവിടെ ഏതായാലും ഇത്രേം എണ്ണം ഉള്ളതല്ലേ, ഒരെണ്ണം കൂടി കൂടിയെന്നുവച്ച് .... " എങ്ങനെ പറഞ്ഞവസാനിപ്പിക്കണമെന്നറിയാത്തതുപോലെ അപ്പൂപ്പൻ ഒന്നു വിക്കി. " അതിരിക്കട്ടെ,ഡോക്ടർ എന്തു പറഞ്ഞു എന്നു പറ" - എന്നു പറഞ്ഞ് അമ്മ വിഷയം മാറ്റി.

അയ്മനം ജോൺ